# മഹാത്മാഗാന്ധി സർവകലാശാല

## (സംഗ്രഹം)

സർവകലാശാലയിൽ ഇ-പെയ്മെൻറ് മുഖേന ഫീസ് സ്വീകരിക്കുന്നതു സംബന്ധിച്ച വിഷയങ്ങൾ - 07/12/2017-ൽ നടന്ന മേൽനോട്ട സമിതി കൈക്കൊണ്ട തീരുമാനങ്ങൾ - ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം ബി 8 സെക്ഷൻ

യു ഒ നം. 7255/ബി 8/2017/ഭ:വി: പ്രിയദർശിനി ഹിത്സ്,13.12.2017

---

പരാമർശം (1) 07/12/2017-ന് പ്രോ വൈസ് ചാൻസലറുടെ ചേമ്പറിൽ നടന്ന

ഈ-പെയ്മെൻറ് മേൽനോട്ടസമിതി യോഗത്തിൻെറ നടപടിക്കുറിപ്പുകൾ.

## ഉത്തരവ്

സർവ്വകലാശാലയിൽ ഇ-പെയ്മെൻറ് മുഖേന ഫീസ് സ്വീകരിക്കുന്നതു സംബന്ധിച്ച വിഷയങ്ങളിൽ മേൽനോട്ടം വഹിക്കുന്ന സമിതിയുടെ യോഗം 07/12/2017-ൽ പ്രോ വൈസ് ചാൻസലറുടെ ചേമ്പറിൽ വച്ച് നടന്നു. ടി യോഗത്തിൻെറ നടപടിക്കുറിപ്പുകളിലെ പ്രധാന ശിപാർശകൾ താഴെ പറയുന്നു:

1. പരീക്ഷാസംബന്ധമായ അപേക്ഷകൾ ഏകീകരിക്കുന്നതിനുവേണ്ടി ശ്രീ.ഹരികൃഷ്ണൻ എം.വി.(സിസ്റ്റം അനലിസ്റ്റ് ഇൻ-ചാർജ്ജ് ഓഫ് സിസ്റ്റം മാനേജർ), ശ്രീ. ജയകുമാർ.പി.ആർ(എസ്.ഒ., സി.ഈ സെക്ഷൻ, പരീക്ഷാവിഭാഗത്തിലെ അസി. രജിസ്ട്രാറുമാർ, ജോയിൻറ് രജിസ്ട്രാറുമാർ എന്നിവരുൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും) ടി കമ്മിറ്റി ഒരാഴ്ചക്കകം പ്രസ്തുതജോലികൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്.
2. പരീക്ഷാസെക്ഷനുകളിലെ ഒരു വിഭാഗത്തിൽ വ്യത്യസ്തയിനം കമ്പ്യൂട്ടറുകളാണുള്ളതെങ്കിൽ പുതിയ കമ്പ്യൂട്ടറുകൾ എത്തുന്ന മുറയ്ക്ക് കഴിവതും ഒരേതരം കമ്പ്യൂട്ടറുകൾ വിന്യസിക്കേണ്ടതാണ്.
3. 2018 ജനുവരി 15നു മുൻപായി ഓൺലൈൻ അപേക്ഷ നിലവിൽ വരുന്നതിനുവേണ്ട നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.
4. SBI, FRIENDS ജനസേവനകേന്ദ്രം എന്നിവയിലൂടെ ഇ-പെയ്മെൻറ് നടത്തുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

5. കോളേജുകളും വിദ്യാർത്ഥികളും തെറ്റായി അടച്ച ഫീസുകൾ മടക്കി നൽകുവാൻ അപേക്ഷിക്കുമ്പോൾ അവർ അടച്ചിരിക്കുന്ന പെയ്മെൻറ് മറ്റൊരാവശ്യത്തിനും മറ്റാരും ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് ഉറപ്പു വരുത്തിയതിനു ശേഷം സിസ്റ്റത്തിൽ പെയ്മെൻറ് റദ്ദു ചെയ്ത് അർഹമായവ തിരികെ നൽകുന്നതിനു അക്കൗണ്ട്സ് 3 സെക്ഷനെ ചുമതലപ്പെടുത്തി

6. എല്ലാ ജീവനക്കാർക്കും പി.എഫ്. നമ്പർ അടിസ്ഥാനമാക്കി ഇ-മെയിൽ ഐ.ഡി. തയാറാക്കിയിട്ടുണ്ടെന്നും എല്ലാ ഔദ്യോഗിക അറിയിപ്പുകളും പ്രസ്തുത മെയിൽ ഐ.ഡി.യിലൂടെ ആയിരിക്കുമെന്നുമുള്ള അറിയിപ്പ് ജീവനക്കാർക്ക് നൽകാൻ അക്കൗണ്ട്സ് 3 സെക്ഷനെ ചുമതലപ്പെടുത്തി

7. വിവിധ പരീക്ഷകളുടെ വിജ്ഞാപനങ്ങളിൽ എക്സാം പോർട്ടലിലൂടെ പരീക്ഷാ ഫീസ് അടയ്ക്കേണ്ട പരീക്ഷകൾ ഏതൊക്കെയെന്ന് പ്രത്യേകമായി വ്യക്തമാക്കിയിരിക്കണം. അതോടൊപ്പം തന്നെ ടി പോർട്ടലിൽ ഫീസ് അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാണെന്ന് ഇ.എ 1 സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്

ഇ-പെയ്മെൻറ് മേൽനോട്ടസമിതിയുടെ ടി ശിപാർശകൾ അംഗീകരിച്ച് ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

അസി. രജിസ്ട്രാർ (ഭ.വി.) 3

രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1) വൈസ് ചാൻസലറുടെ /പ്രൊ- വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2) രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ
3) ജോയിൻറ് രജിസ്ട്രാർ-1(ഭ.വി.)
4) ഐ ടി ഏകോപനാധികാരി
5) ഡെപ്യൂട്ടി രജിസ്ട്രാർ
6) അസി.രജിസ്ട്രാർ (ഭ.വി.)3

7) കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
8) ഐ.ക്യു.എ.സി.
9) എഡി.ഡി.സെക്ഷൻ
10) സെക്ഷൻ ഓഫീസർ ,അക്കൗണ്ട്സ് 5 സെക്ഷൻ
11) അസി.സെക്ഷൻ ഓഫീസർ, വൈസ് ചാൻസിലറുടെ സെക്ഷൻ
12) ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.